Kerala Gazette No. 48 dated 26th November 1957

L. A. Bill No. 37 of 1957.

പരസ്യം

നമ്പർ എൽ. എ. 4—1457/57.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെ പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ ആജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലജിസ്ലേച്ചർ സെക്രട്ടേറിയററ്,
തിരുവനന്തപുരം,
1957 നവംബർ 14-ാം൹.

സി. ഉണ്ണിത്തി,
സെക്രട്ടറി,
ലെജിസ്ലേററീവ് അസംബ്ലി.

1957-ലെ കേരളകടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (രണ്ടാം ഭേദഗതി) ബിൽ.

1957-ലെ കേരളകടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ് ഇനിയും ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1957-ലെ കേരള കടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ്, ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഇനിയും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാംസംവത്സരത്തിൽ താഴെപ്പറയുംപ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു.

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ കേരള കടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടനടി നടപ്പിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.— 1957-ലെ കേരളകടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്റ്റ് (1957-ലെ 1-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നു പറയപ്പെടുന്ന) 1-ാം വകുപ്പ് 3-ാം ഉപവകുപ്പിൽ "1957 ഒക്ടോബർ 11-ാം തിയതി" എന്നതിനു പകരം "1958 ഏപ്രിൽ 11-ാം തിയതി" എന്ന് ചേർക്കണം.

3. 4-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ്, 4-ാം വകുപ്പിൽ "1957-ലെ കേരളകടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ഓർഡിനൻസ് നടപ്പിൽ വരുന്നതിനു മുമ്പ്" എന്നതിനു പകരം "1956 ഏപ്രിൽ 11-ാം തിയതിക്കു മുമ്പ്" എന്നു ചേർക്കണം.

4. വ്യവഹാരങ്ങളും നടപടികളും തുടരൽ.—ഈ ആക്റ്റ് മൂലം ഭേദഗതി ചെയ്യുന്നതിനു മുമ്പ് നടപ്പിലായിരുന്ന പ്രകാരമുള്ള പ്രധാന ആക്റ്റ് 4-ാം വകുപ്പുമൂലം നിറുത്തിവയ്ക്കപ്പെട്ടതും, ഈ ആക്റ്റ് നടപ്പിൽ വരുന്ന സമയത്ത് കോടതികളിൽ തീർപ്പാകാതെ നിലവിലിരിക്കുന്നതുമായ എല്ലാ വ്യവഹാരങ്ങളും, ഡിക്രികളും, ഉത്തരവുകളും നടത്തുന്നതിനുള്ള നടപടികളും മററു നടപടികളും 1956 ഏപ്രിൽ 11-ാം തിയതിക്കോ അതിനു ശേഷമോ കൈവശങ്ങളെ സംബന്ധിച്ചുള്ളവയായ പാട്ടക്കുടിയിറക്കലുകളോ, ഭൂമിയുടെ ഉപയോഗവും അനുഭവവും മൂലമുണ്ടായിട്ടുള്ള നഷ്ടപരിഹാരത്തിനോ സംബന്ധിക്കുന്നിടത്തോളം, അവ നിറുത്തിവയ്ക്കപ്പെട്ട ഘട്ടത്തിൽ നിന്നും തുടർന്ന് നടത്തുകയോ, തുടങ്ങുകയോ ചെയ്യാവുന്നതാണ്.

5. റദ്ദാക്കൽ.—1957-ലെ കേരളകടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (ഭേദഗതി) ഓർഡിനൻസ് (1957-ലെ 4-ാം നമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

G. 3818

ഉദ്ദേശകാരണങ്ങളുടെ വിവരണം.

കുടിയായ്മയും, കൃഷിപാട്ടക്കാരെന്നതും സംബന്ധിച്ച സമഗ്രമായ ഒരു നിയമനിർമ്മാണം ഉണ്ടാകുന്നതുവരെ കുടിയാന്മാർക്കും, കുടികിടപ്പുകാർക്കും വാരത്തിന്മേലോ, പാട്ടത്തിന്മേലോ അല്ലെങ്കിൽ അതുപോലെയുള്ള മററു ഏർപ്പാടുകളിന്മേലോ ഭൂമി കൃഷി ചെയ്യുന്ന ആളുകൾക്കും താൽക്കാലിക രക്ഷ നൽകാൻ വ്യവസ്ഥ ചെയ്യുന്നതിനു നിയമമാക്കിയ 1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ ആക്ടിന്റെ കാലാവധി 1957 ഒക്ടോബർ 11-ാം തിയതി അവസാനിക്കേണ്ടതായിരുന്നു. മേൽപ്പറഞ്ഞപ്രകാരമുള്ള സമഗ്രമായ നിയമനിർമ്മാണം പൂർത്തിയാക്കാതിരുന്നതുകൊണ്ടും, നിയമസഭ യോഗം ചേർന്നിട്ടില്ലാതിരുന്നതുകൊണ്ടും ആ ആക്ടിന്റെ കാലാവധി 1958 ഏപ്രിൽ 11-ാം തിയതിവരെ നീട്ടുന്നതിന് 1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവയ്ക്കൽ (ഭേദഗതി) ഓർഡിനൻസ് 1957 ഒക്ടോബർ 8-ാം തിയതി ഗവർണ്ണർ അവർകൾ വിളംബരപ്പെടുത്തുകയുണ്ടായി. ആ ഓർഡിനൻസിന്റെ പ്രാബല്യം അവസാനിക്കുന്നതിനുമുമ്പ് ഉദ്ദേശിച്ച തരത്തിലുള്ള സമഗ്രമായ നിയമനിർമ്മാണം നടപ്പിൽ വരുത്തുവാൻ സാധിക്കാത്തതുകൊണ്ട് ആ ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരേണ്ടതാവശ്യമാണ്.

2. 1957 ഏപ്രിൽ 11-ാം തിയതിക്കുശേഷം ഉണ്ടാകുന്ന പാട്ടക്കുടിശ്ശികകൾകൂടി വസൂലാക്കുന്നതിനും അങ്ങനെ നിറുത്തിവെപ്പിന്റെ പ്രവർത്തനം 1956 ഏപ്രിൽ 11-ാം തിയതിക്കുമുമ്പുള്ള കുടിശ്ശികകൾക്കു പരിമിതപ്പെടുത്തിക്കൊണ്ടും 1957-ലെ കേരള കുടിയൊഴിപ്പിക്കൽ നടപടി നിറുത്തിവെയ്ക്കൽ ആക്ടിലെ 4-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടതാവശ്യമാണെന്നും കരുതുന്നു.

3. മേൽപ്പറഞ്ഞ ഉദ്ദേശങ്ങൾ നിറവേററുവാനാണ് ഈ ബില്ല് കൊണ്ടു ഉദ്ദേശിക്കുന്നതു്.

കെ. ആർ. ഗൗരി.

Kerala Gazette No. 48 dated 26th November 1957

L. A. Bill No. 38 of 1957.

പരസ്യം.

നമ്പർ എൽ. എ. 4—1470/57.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം, താഴെ പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ അനുവാദാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

ലെജിസ്ലേച്ചർ സെക്രട്ടേറിയററ്,
തിരുവനന്തപുരം,
1957 നവംബർ 14.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേററീവ് അസംബ്ലി.

1957-ലെ തിരുവിതാംകൂർ-കൊച്ചി വന (ഭേദഗതി) ബിൽ.

1951-ലെ തിരുവിതാംകൂർ-കൊച്ചി വന ആക്ററ് ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബിൽ.

പീഠിക.—1951-ലെ തിരുവിതാംകൂർ-കൊച്ചി വന ആക്ററ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നതു യുക്തമായിരിക്കയാൽ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും ആരംഭവും.—(1) ഈ ആക്ററിനു 1957-ലെ തിരുവിതാംകൂർ-കൊച്ചി വന (ഭേദഗതി) ആക്ററ് എന്നു പേർ പറയാം.

(2) ഇതു ഉടനെ തന്നെ നടപ്പിൽ വരുന്നതാണ്.

2. 1-ാം വകുപ്പിന്റെ ഭേദഗതി.—1951-ലെ തിരുവിതാംകൂർ-കൊച്ചി വന ആക്ററ് (1952-ലെ 3-ാം ആക്ററ്) (ഇതിനുശേഷം, പ്രധാന ആക്ററ് എന്നാണു പറയപ്പെടുക) 1-ാം വകുപ്പിൽ, (2)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്നതു ചേർക്കണം. അതായതു:—

"(2) 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്ററ് 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ല ഒഴികെ കേരള സംസ്ഥാനം ഒട്ടാകെ ഇതിനു വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്."

3. 2-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്ററിലെ 2-ാം വകുപ്പിൽ (ഇ) എന്ന ഖണ്ഡത്തിനു പകരം, താഴെപറയുന്ന ഖണ്ഡം ചേർക്കണം, അതായതു:—

"(ഇ) "വനോല്പന്നം" എന്നതിൽ, ഒരു വനത്തിൽ കാണപ്പെടുകയോ, വനത്തിൽനിന്നു കൊണ്ടുവരപ്പെടുകയോ ചെയ്യുന്ന താഴെ പറയുന്ന സാധനങ്ങളും ഉൾപ്പെടുന്നതാകുന്നു, അതായതു:—

(i) വൃക്ഷങ്ങളും, ഇലകളും, പുഷ്പങ്ങളും, ഫലങ്ങളും എന്നിവയും, വൃക്ഷങ്ങളുടെ മറെറല്ലാ ഭാഗങ്ങളോ ഉല്പന്നമോ അതും;

(ii) (പുല്ലുകളും, വള്ളികളും, ഓടകളും, പായലുകളും എന്നിവ ഉൾപ്പെടെ) വൃക്ഷങ്ങളല്ലാത്ത ചെടികളും അത്തരം ചെടികളുടെ മറെറല്ലാ ഭാഗങ്ങളോ ഉല്പന്നമോ അതും;

(iii) വന്യമൃഗങ്ങളും, ചർമ്മങ്ങളും, ആനക്കൊമ്പുകളും, മൃഗങ്ങളുടെ കൊമ്പുകളും, എല്ലുകളും, പട്ടുനൂൽപ്പുഴുക്കൂടുകളും, തേൻ, മെഴുക് എന്നിവയും മൃഗങ്ങളുടെ മറെറല്ലാ ഭാഗങ്ങളോ ഉല്പന്നമോ അതും;

(iv) വിറകായി ഉപയോഗിക്കുന്ന പുൽക്കൺകട്ടയും ഉപരിഭാഗത്തുള്ള മണ്ണും, (ചുണ്ണാമ്പുകല്ലും, ചെങ്കല്ലും ഉൾപ്പെടെയുള്ള) പാറകളും, ധാതുഎണ്ണകളും, ഖനികളുടേയും, ധാതുപദാർത്ഥങ്ങളുടേയും എല്ലാ ഉല്പന്നങ്ങളും."

4. 8-ാം അദ്ധ്യായം വിട്ടുകളയൽ.— പ്രധാന ആക്റ്റിലെ 8-ാം അദ്ധ്യായം വിട്ടുകളയണം.

5. 93-ാം വകുപ്പിന്റെ ഭേദഗതി.— പ്രധാന ആക്റ്റ്, 93-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ—

(i) (ഡി) എന്ന ഖണ്ഡത്തിൽ "സ്വകാര്യവ്യക്തികളുടെ വകയായുള്ളതോ കൈവശത്തിലുള്ളതോ ആയ" എന്ന വാക്കുകൾക്കു പകരം "സ്വകാര്യവ്യക്തികളുടെ കൈവശത്തിലുള്ള" എന്ന വാക്കുകൾ ചേർക്കണം.

(ii) (ഡി) എന്ന ഖണ്ഡത്തിനു ശേഷം താഴെപറയുന്ന പുതിയ ഖണ്ഡം ചേർക്കണം. അതായത്:—

"(ഡി. ഡി.) ഭൂമിയുടെ ആധാരത്തിലോ, ദാനരേഖയിലോ, അല്ലെങ്കിൽ പതിച്ചുകൊടുക്കുന്ന രേഖയിലോ, ഗവണ്മെന്റിന്റെ അവകാശം സ്പഷ്ടമായി നിലനിർത്തിവച്ചിട്ടുള്ളതും, താല്ക്കാലികമായോ, സ്ഥിരമായോ പതിച്ചുകൊടുത്തിട്ടുള്ളതുമായ ഭൂമിയിൽ നില്ക്കുന്ന വൃക്ഷങ്ങൾ വെട്ടിവീഴ്ത്തുകയോ, കണ്ടിക്കുകയോ, മുറിക്കുകയോ, ചെത്തിക്കുകയോ അല്ലെങ്കിൽ മറ്റുപ്രകാരത്തിൽ ഉപയോഗപ്പെടുത്തുകയോ ചെയ്യുന്നതു ക്രമപ്പെടുത്തുകയോ നിരോധിക്കുകയോ ചെയ്യുന്നതും,"

6. 99-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റ്, 99-ാം വകുപ്പിൽ 'ജന്മിഭോഗങ്ങളല്ലാത്ത' എന്ന വാക്ക് വിട്ടുകളയണം.

7. 55 മുതൽ 65 വരെയുള്ള വകുപ്പുകളുടെ പ്രവർത്തനത്തിനു രക്ഷ.— പ്രധാന ആക്റ്റിലെ 55 മുതൽ 65 വരെയുള്ള വകുപ്പുകൾ ഒഴിവാക്കുന്നതുകൊണ്ട് താഴെപ്പറയുന്നവയെ സംബന്ധിച്ചിടത്തോളം മേല്പറഞ്ഞ വകുപ്പുകളുടെ പ്രവർത്തനത്തിനു് ഭംഗം തട്ടുന്നതല്ല:—

(i) ജന്മിഭോഗങ്ങളുടെയും, ഈ ആക്റ്റ് നടപ്പിൽ വരുന്നതിനുമുമ്പ് വെട്ടിവീഴ്ത്തിയിട്ടുള്ളതുമായ വൃക്ഷങ്ങളിന്മേൽ, ഗവണ്മെന്റിനുള്ള അവകാശങ്ങൾ;

(ii) ഈ ആക്റ്റ് നടപ്പിൽ വരുന്നതിനുമുമ്പ് 55-ാം വകുപ്പു പ്രകാരം പുറപ്പെടുവിച്ച നോട്ടീസനുസരിച്ചു കുടിവിലയ്ക്കുള്ള ഹർജികൾ ബോധിപ്പിക്കൽ;

(iii) ഈ ആക്റ്റ് നടപ്പിൽ വരുന്നതിനുമുമ്പോ നടപ്പിൽവന്നതിനു ശേഷമോ, കുടിവിലയ്ക്കുവേണ്ടി ബോധിപ്പിച്ച ഹർജികളെ സംബന്ധിച്ച് അന്വേഷണ വിചാരണ നടത്തൽ;

(iv) തീർപ്പുകൾ കല്പിക്കുകയോ, അഭിപ്രായത്തിനയയ്ക്കുമ്പോഴോ, അപ്പീലിന്മേലോ, അങ്ങിനെയുള്ള തീർപ്പുകൾ ഭേദഗതി ചെയ്കയോ, മാററുകയോ ചെയ്യാൻ വനം ഉദ്യോഗസ്ഥനോ, ജില്ലാക്കോടതിക്കോ, ഹൈക്കോടതിക്കോ ഉള്ള അധികാരങ്ങൾ; അങ്ങിനെയുള്ള അവകാശങ്ങളും ഹർജികളും, അന്വേഷണവിചാരണകളും, അധികാരങ്ങളും മേല്പറഞ്ഞ വകുപ്പുകൾ ഒഴിവാക്കിയിട്ടില്ലാതിരുന്നാലെന്നപോലെ നടപ്പാക്കുകയോ, ബോധിപ്പിക്കുകയോ, നടത്തുകയോ, വിനിയോഗിക്കുകയോ ചെയ്യാവുന്നതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

സംസ്ഥാനത്തെ തിരുവിതാംകൂർ പ്രദേശത്തുമാത്രം നടപ്പിലുള്ള 1951-ലെ തിരുവിതാംകൂർ-കൊച്ചി വന ആക്റ്റിലെ 8-ാം അദ്ധ്യായം ഗവണ്മെന്റിനു്, ജന്മിഭോഗങ്ങളിന്മേൽ കുത്തകാവകാശം നൽകുന്നുണ്ട്. സ്വകാര്യ കൈവശ ഭൂമികളിലെ ജന്മിഭോഗങ്ങളിന്മേൽ ഗവണ്മെന്റിനുള്ള കുത്തകാവകാശം നിർത്തൽ ചെയ്യുക എന്നുള്ളതായിരുന്നു ഗവണ്മെന്റിന്റെ നയം. ഇതിനുവേണ്ടി തിരുവിതാംകൂർ മുഴുവനും മൂന്നു പ്രദേശങ്ങളായി ഭാഗിക്കപ്പെട്ടിരുന്നു. 11-1-1936-ലെയും, 25-8-1949-ലെയും വിളംബരങ്ങൾമൂലം രണ്ടു പ്രദേശങ്ങളിലെ ജന്മിഭോഗങ്ങളിന്മേലുള്ള ഗവണ്മെന്റിന്റെ അവകാശങ്ങൾ നിർത്തൽ ചെയ്യുകയുണ്ടായി. മൂന്നാമത്തെ പ്രദേശത്തിലെയും ജന്മിഭോഗങ്ങളിന്മേലുള്ള ഗവണ്മെന്റിന്റെ അവകാശം നിർത്തൽ ചെയ്യേണ്ടതാവശ്യമാണെന്നു കരുതുന്നു. ഈ ഉദ്ദേശം നിറവേറുവാനാണ് ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്നതു്.

കെ. സി. ജോർജ്ജ്.

Kerala Gazette No. 48 dated 26th November 1957

L. A. Bill No. 39 of 1957.

പരസ്യം.

നമ്പർ എൽ. എ. 4-1492/57. 1957 നവംബർ 18.

അസംബ്ലിയുടെ നടപടിക്രമവും, കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 73-ാം ചട്ടപ്രകാരം താഴെപ്പറയുന്ന ബിൽ ഉദ്ദേശകാരണങ്ങളുടെ വിവരണത്തോടുകൂടി സ്പീക്കറുടെ അനുജ്ഞാനുസരണം പ്രസിദ്ധപ്പെടുത്തുന്നു.

വി. കൃഷ്ണമൂർത്തി,
സെക്രട്ടറി,
ലെജിസ്ലേറ്റീവ് അസംബ്ലി.

ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

1957-ലെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് (താൽക്കാലികവ്യവസ്ഥ) ബിൽ.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്ന ഒരു ബിൽ.

പീഠിക.— മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യേണ്ടതാവശ്യമായിരിക്കയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ എട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കിയിരിക്കുന്നു:—

1. ചുരുക്കപ്പേരും, വ്യാപ്തിയും, ആരംഭവും.—(1) ഈ ആക്റ്റിന് 1957-ലെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് (താൽക്കാലികവ്യവസ്ഥ) ആക്റ്റ് എന്ന പേർ പറയാം.

(2) 1956-ലെ സംസ്ഥാന പുനഃസംഘടനാ ആക്റ്റ് 5-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട മലബാർ ജില്ലയൊട്ടാകെ ഇതിന് വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടനെതന്നെ നടപ്പിൽ വരുന്നതാണ്.

2. മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ പ്രവൃത്തികൾ നിർവ്വഹിക്കുവാൻ ഒരു സ്പെഷ്യൽ ആഫീസറെ നിയമിക്കൽ.—(1) 1920-ലെ മദിരാശി ഡിസ്ട്രിക്റ്റ് ബോർഡ് ആക്റ്റിലെ (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പറയപ്പെടുക) ഏതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രധാന ആക്റ്റ് പ്രകാരം സംഘടിതമായ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെയും, കാര്യനിർവ്വഹണാധികാരസ്ഥൻ എന്ന നിലയിൽ അതിന്റെ പ്രസിഡന്റിന്റെ അധികാരങ്ങളും കൃത്യങ്ങളും ഉൾപ്പെടെ പ്രസിഡന്റിന്റെയും അധികാരങ്ങൾ നടത്തുവാനും കൃത്യങ്ങൾ നിർവ്വഹിപ്പാനും പ്രവൃത്തികൾ ചെയ്യാനുംവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ ഗസററിൽ പരസ്യംമൂലം ഗവണ്മെന്റ് നിയമിക്കുന്നത് നിയമാനുസൃതമായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഒരു സ്പെഷ്യൽ ആഫീസറെ നിയമിച്ചിട്ടുള്ളപക്ഷം, അദ്ദേഹം, പ്രധാന ആക്റ്റ് പ്രകാരം സംഘടിതമായ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെയും, കാര്യനിർവ്വഹണാധികാരസ്ഥൻ എന്ന നിലയിൽ അതിന്റെ പ്രസിഡന്റിന്റെ അധികാരങ്ങളും, കൃത്യങ്ങളും ഉൾപ്പെടെ പ്രസിഡന്റിന്റെയും അധികാരങ്ങൾ നടത്തുകയും കൃത്യങ്ങൾ നിർവ്വഹിക്കുകയും പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നതും അതത് സംഗതി പോലെ ആ ഡിസ്ട്രിക്റ്റ് ബോർഡിന്റെയോ അതിന്റെ പ്രസിഡന്റിന്റെയോ അധി-

കാര്യങ്ങളും അദ്ദേഹം നടത്തുന്നതോ ആ ഡിസ്ട്രിക്റ്റ് ബോർഡിനെയോ പ്രസിഡന്റിനെയോ പോലെ അതേ രക്ഷയ്ക്കു പ്രധാന ആക്റ്റ് പ്രകാരം അദ്ദേഹത്തിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

3. സ്പെഷ്യൽ ആഫീസറുടെ ശമ്പളവും മററും.— 2-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെടുന്ന സ്പെഷ്യൽ ആഫീസറുടെ ശമ്പളത്തിലും, അലവൻസിലും ഗവൺമെൻറ് ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടാവുന്ന ഭാഗം, പ്രധാന ആക്റ്റ് 114-ാം വകുപ്പു പ്രകാരം സംഘടിതമായ ഡിസ്ട്രിക്റ്റ് ഫണ്ടിൽനിന്ന് കൊടുക്കാവുന്നതാണെന്ന് ഗവൺമെൻറിന് നിർദ്ദേശിക്കാവുന്നതാണ്.

4. വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള അധികാരം.— ഈ ആക്റ്റിലെയോ, പ്രധാന ആക്റ്റിലെയോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ വല്ല വൈഷമ്യവും ഉണ്ടാകുന്നുവെങ്കിൽ, ഗവൺമെൻറിനു ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നു തങ്ങൾക്കു തോന്നുന്ന ഏതു കാര്യവും സന്ദർഭാനുസരിച്ച് കല്പനമൂലം ചെയ്യാവുന്നതാണ്.

5. റദ്ദാക്കലും രക്ഷയും.—(1) 1957-ലെ 'മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് (താല്ക്കാലിക വ്യവസ്ഥ) ആർഡിനൻസ് (1957-ലെ 5-ാം നമ്പർ ആർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽകൂടി മേൽപ്പറഞ്ഞ ആർഡിനൻസിനാലോ ആർഡിനൻസു പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ചെയ്ത ഏതെങ്കിലും പ്രവൃത്തിയോ എടുത്ത ഏതെങ്കിലും നടപടിയോ, ആ പ്രവൃത്തി ചെയ്കയോ നടപടി നടത്തുകയോ ചെയ്ത തീയതിക്ക് ഈ ആക്റ്റ് നടപ്പിലുണ്ടായിരുന്നാലെന്നപോലെ ഈ ആക്റ്റിനാലോ ആക്റ്റ് പ്രകാരമോ നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു ചെയ്കയോ നടത്തുകയോ ചെയ്തതായി കരുതേണ്ടതാണ്.

ഉദ്ദേശകാരണങ്ങളുടെ വിവരണം.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിലെ അംഗങ്ങളുടെ ഉദ്യോഗകാലാവധി 1957 ഒക്ടോബർ 27-ാംനു അവസാനിക്കേണ്ടതായിരുന്നു. മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് തുടർന്നുപോരണമോ വേണ്ടയോ എന്ന കാര്യം ഗവൺമെൻറിന്റെ ആലോചനയിലായിരുന്നു. ഡിസ്ട്രിക്റ്റ് ബോർഡിന്റെ കാലാവധി കഴിയുമ്പോൾ ബോർഡിന്റെ അധികാരങ്ങൾ നടത്തുവാനും, കൃത്യങ്ങൾ നിർവ്വഹിപ്പാനും പ്രവൃത്തികൾ ചെയ്യാനുംവേണ്ടി ഒരു സ്പെഷ്യൽ ആഫീസറെ ഈ കാര്യത്തിൽ തീരുമാനമാകുന്നതുവരെ നിയമിക്കേണ്ടത് ആവശ്യമായിരുന്നു. ഈ ആവശ്യത്തിനു 1957-ലെ മലബാർ ഡിസ്ട്രിക്റ്റ് ബോർഡ് (താല്ക്കാലിക വ്യവസ്ഥ) ആർഡിനൻസ് (1957-ലെ 5-ാം നമ്പർ ആർഡിനൻസ്) ഗവർണ്ണർ വിളംബരം ചെയ്യുകയുണ്ടായി. ഈ ആർഡിനൻസിനു പകരമുള്ളതാണ് ഈ ബിൽ.

പി. കെ. ചാത്തൻ.